StudentBounty.com



Register Number

## Language — Part I — MALAYALAM — Paper II

**( Prose, Non-detailed, Composition, Translation and Language Skill )**

Time Allowed : 3 Hours ] [ Maximum Marks : 80

I. ആറെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും പത്തുവരിയിൽ കവിയരുത് : $6 \times 4 = 24$

1. കേരളത്തിൽ നടന്ന ഉപ്പുസത്യാഗ്രഹത്തിൽ ഇ.എം.എസിന് പങ്കെടുക്കാൻ കഴിയാഞ്ഞതെന്തുകൊണ്ട് ?
2. ഗാർഗ്ഗിയുടെ സത്യാന്വേഷണത്വരയെപ്പറ്റി എഴുതുക.
3. ഏതു പുസ്തകത്തിൽ നിന്നും എന്തെങ്കിലുമൊന്ന് ലഭിക്കുമെന്ന് ലേഖകൻ പറയുന്നതെന്തുകൊണ്ട് ?
4. തഞ്ചാവൂരിന്റെ സൗഭാഗ്യത്തിന് കാരണമെന്ത് ?
5. കർഷകതൊഴിലാളികളുടെ പോരാട്ടങ്ങൾ മലയാള സാഹിത്യത്തിലുണ്ടാക്കിയ ചലനങ്ങളെപ്പറ്റി വിവരിക്കുക.
6. വലിയ വീടുകൾ ഉണ്ടാക്കുന്നതിനെപ്പറ്റി ഒരു ഭീതി ഈ സംഭവം എന്നിൽ ഉണ്ടാക്കിതീർത്തു - ലേഖകൻ ഇപ്രകാരം പറയാൻ ഇടയായ സംഭവമേത് ?
7. ആകാശത്തിന് വിവിധ വർണ്ണങ്ങൾ ലഭിക്കുന്നതെങ്ങനെ ?
8. ചലച്ചിത്രവും സംഗീതവും തമ്മിലുള്ള ബന്ധമെന്ത് ?
9. വായുമണ്ഡലം ഭൂമിയെ സംരക്ഷിക്കുന്നതെങ്ങനെ ?
10. സബർമതി, നവഖലി - ഈ രണ്ടു പ്രദേശങ്ങളുടെ പ്രത്യേകത എന്ത് ?

[ Turn over

www.StudentBounty.com
Homework Help & Pastpapers

II. രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും ഇരുപതു വരിയിൽ കവിയരുത് : 2 × 6 = 12

11. കാളിദാസന്റെ സർഗ്ഗപ്രപഞ്ചത്തിൽ ടാഗോർ കാണുന്നതെന്തെല്ലാം ?

12. തേരീഗാഥകൾ എന്നാലെന്ത് ? തേരികളുടെ കഥ വിവരിക്കുക.

13. 'സബർമതി ദൂരെയാണ്' എന്ന നാടകം എന്തെല്ലാം സാമൂഹ്യപ്രശ്നങ്ങളാണ് ഉന്നയിക്കുന്നത് ?

14. വായുമണ്ഡലത്തിന്റെ വിവിധ മേഖലകൾ ഏവ ?

III. രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും രണ്ടുപുറത്തിൽ കവിയരുത് : 2 × 10 = 20

15. 'റ' എന്ന കഥക്ക് ഒരു ആസ്വാദനമെഴുതുക.

അല്ലെങ്കിൽ

'നരച്ചീറുകൾ പറക്കുമ്പോൾ' എന്ന കഥയുടെ പ്രമേയമെന്ത് ?

16. 'ഉൽകണ്ഠയുടെ നിമിഷങ്ങൾ' എന്ന കഥ സംഗ്രഹിക്കുക.

അല്ലെങ്കിൽ

'അററുപോകാത്ത കണ്ണി' എന്ന കഥ ചുരുക്കിയെഴുതുക.

IV. 17. ഏതെങ്കിലും ഒന്നിനെക്കുറിച്ച് രണ്ടു പുറത്തിൽ ഉപന്യസിക്കുക : 1 × 10 = 10

i) ഇഷ്ടപ്പെട്ട ഒരു കൃതി.

ii) ഇന്ത്യൻ യുവജനതയുടെ ഭാവിപ്രതീക്ഷകൾ.

iii) മാതൃഭാഷയുടെ പ്രാധാന്യം.

V. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക : 6 × 1 = 6

18. Education should develop good values.

19. Gandhiji stood in favour of truth and non-violence.

20. Let us save water, especially rain water.

21. Kathakali is the famous dance drama of Kerala.

22. Books are the most faithful friends.

23. Union is strength.

StudentBounty.com
www.StudentBounty.com
Homework Help & Pastpapers

VI. രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും അരപ്പുറത്തിൽ കവിയരുത് : $2 \times 4 = 8$

24. ഔദ്യോഗിക പദവിയിൽ നിന്ന് പിരിഞ്ഞു പോകുന്ന അദ്ധ്യാപകന് നന്ദി പ്രകാശിപ്പിച്ചുകൊണ്ടു് ഒരു വിടവാങ്ങൽ പ്രസംഗം തയ്യാറാക്കുക.

25. നിരത്തിന്റെ അറ്റകുറ്റപ്പണികൾ എത്രയും വേഗം പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റോഡ് സംരക്ഷണ അധികാരികൾക്ക് ഒരു നിവേദനം എഴുതുക.

26. നാട്ടിലെ കലാസമിതിയുടെ വാർഷികമാണ്. വിശദ വിവരങ്ങൾ ഉൾക്കൊള്ളിച്ചയുകൊണ്ട് ഒരു ക്ഷണപത്രം-നോട്ടീസ്-തയ്യാറാക്കുക.

27. പുതിയ ഒരു നിഘണ്ടു പുറത്തിറക്കുകയാണ്. സൗജന്യങ്ങൾ ഉൾപ്പടെയുള്ള വിവരങ്ങൾ കാണിച്ചുകൊണ്ടു് ഒരു പരസ്യം നൽകുക.

StudentBounty.com

www.StudentBounty.com
Homework Help & Pastpapers

StudentBounty.com

www.StudentBounty.com
Homework Help & Pastpapers